**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1934** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊടുവള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി ചെയ്തുവരവെ മരണപ്പെട്ട ശ്രീമതി.ബിന്ദുലേഖയുടെ മകൻ ശ്രീ . അതുൽ കെ. പി. യുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആശ്രിത നിയമനത്തിനുള്ള ശ്രീ. അതുൽ കെ പിയുടെ അപേക്ഷ പരിശോധിച്ചതിൽ, മരണപ്പെട്ട ബിന്ദുലേഖ ജോലി ചെയ്തിരുന്ന കൊടുവള്ളി ഓഫീസിൽ നിന്നും സർവ്വീസ് സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ ലഭ്യമായിരുന്നില്ല. നിലവിൽ പ്രസ്തുത സർട്ടിഫിക്കറ്റ് ഗതാഗത കമ്മീഷണറേറ്റിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷയും അനുബന്ധ രേഖകളുടെ സാധുതയും പരിശോധിച്ച് ഗതാഗത കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് കൈകാര്യം ചെയ്തുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലവിൽ ഗതാഗത കമ്മീഷണറേറ്റിലെ എ5/73/2025-റ്റിസി. നമ്പർ ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. സർക്കാർ ഉത്തരവ് നൽകിയിട്ടില്ല. |
| (സി) | അതുൽ കെ. പി. ക്ക് ജോലി നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | നിലവിൽ ഗതാഗത കമ്മീഷണറേറ്റിലെ എ5/73/2025-റ്റിസി. നമ്പർ ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. സർക്കാർ ഉത്തരവ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ